(3) പുനലൂർ പ്ലൈവുഡ് ഫാക്ടറിയിലെ സ്തംഭനാവസ്ഥ

ശ്രീ. പി. എസ്. സുപാൽ: കേരളത്തിലെതന്നെ ഏറ്റവും പഴക്കംചെന്ന സ്ഥാപനങ്ങളിലൊന്നാണ് പുനലൂർ പ്ലൈവുഡ് ഫാക്ടറി. അത് ഇപ്പോൾ അടഞ്ഞു കിടക്കുകയാണ്. രാജ്യത്ത് ഏറ്റവും നല്ല പ്ലൈവുഡ് ഉൽപ്പാദിപ്പിച്ചുകൊണ്ടിരുന്ന ഫാക്ടറിയാണത്. രണ്ടുവർഷമായി ആ ഫാക്ടറി പ്രവർത്തിക്കുന്നില്ല. ഏതാണ്ട് മൂന്നുവർഷമായി അവിടത്തെ ജീവനക്കാർക്കും തൊഴിലാളികൾക്കും ശമ്പളം ലഭിക്കുന്നില്ല. അത് വലിയ ഗുരുതരമായ സാഹചര്യത്തിലേക്ക് പോവുകയാണ്. തൊഴിലാളികളും ജീവനക്കാരും പട്ടിണിയിലാണ്. അവർ സമരം നടത്തിക്കൊണ്ടിരിക്കുകയാണ്. ഗവൺമെന്റ് ഈ കാര്യത്തിൽ ഇതുവരെ ചർച്ചപോലും നടത്തിയിട്ടില്ല. വളരെ പ്രധാനപ്പെട്ട ഈ വിഷയത്തിൽ ഒരു ചർച്ചപോലും നടത്താതെ ഒരു തീരുമാനമുണ്ടാക്കാൻ പോകുന്നത് ശരിയല്ല. ജീവനക്കാരുടേയും തൊഴിലാളികളുടേയും വികാരം പരിഗണിച്ചുകൊണ്ട് വളരെയധികം അടിയന്തിരമായി ഗവൺമെന്റ് ഇടപെട്ട് ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്നാണ് അഭ്യർത്ഥിക്കുന്നത്.

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി): 15 വർഷമായി വൻനഷ്ടത്തിലായിരുന്ന ഒരു കമ്പനിയാണത്. അതിനെ സംബന്ധിച്ചുള്ള ഇ.ആർ.സി. റെക്കമെന്റേഷൻ ഞാൻ സഭയിൽ പറഞ്ഞതാണ്. തൊഴിലാളി യൂണിയനുകളുമായിട്ട് അതിന്റെ ഭാവിയെ സംബന്ധിച്ച് ചർച്ച നടത്തി. വളരെയധികം നഷ്ടമുണ്ടാകുന്നു എന്ന നിലയ്ക്ക് മുന്നോട്ടു പോകുവാൻ സാധിക്കാത്ത സ്ഥിതിയാണ് അതിലുള്ളത്. അതു സംബന്ധിച്ച് തൊഴിലാളികളുമായി ചർച്ച നടത്തുന്നതാണ്.

(4) ചാത്തന്നൂർ കാരംകോട് കൊല്ലം കോ-ഓപ്പറേറ്റീവ് സ്പിന്നിംഗ് മില്ലിന്റെ നവീകരണം

ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ: Kerala Industrial Revitalisation Fund Board-ഉം സർക്കാരും എൻ.സി.ഡി.സി.-യുമൊക്കെ മലപ്പുറം മില്ലിനും, തൃശൂർ കോ-ഓപ്പറേറ്റീവ് മില്ലിനും, കണ്ണൂർ കോ-ഓപ്പറേറ്റീവ് മില്ലിനും, പുതുപ്പള്ളി മില്ലിനും ഉദാരമായ സഹായങ്ങൾ ചെയ്തുകൊണ്ടിരിക്കുമ്പോൾ എന്റെ മണ്ഡലത്തിൽ 20 വർഷമായി പ്രവർത്തിക്കുന്ന ചാത്തന്നൂർ കാരംകോട് കൊല്ലം കോ-ഓപ്പറേറ്റീവ് സ്പിന്നിംഗ് മില്ലിന്റെ നവീകരണത്തിനായി 1996-ൽ 170 ലക്ഷം രൂപ കിട്ടിയശേഷം ഇതുവരെ ഒരു രൂപപോലും ലഭ്യമായിട്ടില്ല. എന്റെ മണ്ഡലത്തിലെ ഏക വ്യവസായസ്ഥാപനമാണ് അത്. വലുതോ ചെറുതോ ആയ വ്യവസായ സ്ഥാപനങ്ങൾ ഇല്ലാത്ത എന്റെ മണ്ഡലത്തിലെ ഈ മില്ലിന്റെ നവീകരണത്തിനായി സാമ്പത്തിക സഹായം ലഭ്യമാക്കുന്നതിന് എൻ.സി.ഡി.സി. തയ്യാറാണ്. ഗവൺമെന്റ് ഗ്യാരന്റി നൽകുവാൻ ഉള്ള സമ്മതം നൽകുക മാത്രമാണ് വേണ്ടത്. അതിനുള്ള നടപടി സ്വീകരിക്കണമെന്നുള്ളതാണ് എന്റെ ആവശ്യം.

LIBRARY ARCHIVES Kerala Legislative Assembly